**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607</u>** **<u>08-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ചട്ടമ്പി സ്വാമികളുടെ അമ്മ ഗൃഹം ഏറ്റെടുക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ വില്ലേജിൽ ചട്ടമ്പി സ്വാമികളുടെ അമ്മ ഗൃഹം സംരക്ഷിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഭൂമി കൈമാറ്റം എന്ന് സാധ്യമാകുമെന്ന് വ്യക്തമാക്കുമോ? | (എ) | ചട്ടമ്പി സ്വാമികളുടെ മാതൃഭവനവും, സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ LARR Act പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതും പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) 12.09.2022 ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. LARR Act സെക്ഷൻ 15(3) പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി 30/11/2022 ന് സമുചിത സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എൽ.എ കോസ്റ്റ് അർത്ഥനാധികാരി അടവാക്കുന്ന മുറയ്ക്ക് LARR Act, 2013 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ